# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി7/175/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി7/175/2023 തീയ്യതി: 28/03/2023

## കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിതേന്ദ്രൻ.എ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-03-2023 | 08-03-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-03-2023 | 08-03-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

വിനോദ്കുമാർ വി - ഓഡിറ്റ് ഓഫീസർ

തോമസ് കെ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ജെന്ന കുര്യാക്കോസ് - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ എം - സീനിയർ ഗ്രേഡ് ഓഡിറ്റർ
അരുൺദേവ് വി ആർ - സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു വി വി - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ധന്യ.എം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| നിസാർ.കെ.പി ( അസിസ്റ്റന്റ് സെക്രട്ടറി .) | സെക്രട്ടറി | 01-04-2021 | 06-07-2021 |
| ഭരതൻ നായർ എ | സെക്രട്ടറി | 07-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിസാർ.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 19-07-2021 |
| മുഹമ്മദ് ഇസ്മായിൽ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2021 | 11-08-2021 |
| ഉണ്ണികൃഷ്ണൻ നായർ എ | അസിസ്റ്റന്റ് സെക്രട്ടറി | 12-08-2021 | 31-03-2022 |
| പ്രവീൺ എൻ എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| തുളസീധരൻ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.അമൂല്യ എം റ്റി | മെഡിക്കൽ ഓഫീസർ-CHC | 01-04-2021 | 07-03-2022 |
| ഡോ. നീതു റ്റി കെ | മെഡിക്കൽ ഓഫീസർ-CHC | 07-03-2022 | 31-03-2022 |
| ഡോ.ലേഖ | മെഡിക്കൽ ഓഫീസർ - ഹോമിയോപ്പതി | 01-04-2021 | 31-03-2022 |
| ഡോ. അഞ്ചു പി രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 04-02-2022 |
| ഡോ.ഫാത്തിമ യാസ്മിൻ(അഡീഷണൽ ചാർജ്ജ്) | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 05-02-2022 | 28-03-2022 |
| ഡോ. അഞ്ചു പി രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 29-03-2022 | 31-03-2022 |
| ഡോ.അരുൺകുമാർ എസ് | വെറ്റിനറി സർജ്ജൻ | 01-04-2021 | 08-06-2021 |

| | | | |
|---|---|---|---|
| കെ | | | |
| ഡോ. അശ്വിൻ കെ | വെറ്ററിനറി സർജ്ജൻ | 09-06-2021 | 04-11-2021 |
| ഡോ.അഖിൽ ശ്യാം ബി | വെറ്ററിനറി സർജ്ജൻ | 05-11-2021 | 31-03-2022 |
| ശ്യാമള റ്റി എ | പ്രധാനാധ്യാപിക | 01-04-2021 | 31-03-2022 |
| സന്ധ്യ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 09-07-2021 |
| അനുശ്രീ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-07-2021 | 16-11-2021 |
| ലിലിൻ എ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ജിനേഷ് എ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| സുനിത ഇ | വി.ഇ.ഒ | 01-04-2021 | 11-11-2021 |
| അനീഷ് ടി | വി.ഇ.ഒ | 12-11-2021 | 31-03-2022 |
| ബിനുമോൻ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

,

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-2-1 |
| 3 | തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിംഗിലെ അപാകതകൾ | 1-2-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 5 | റീകൺസിലിയേഷൻ പത്രികയിലെ അപാകതകൾ | 1-2-3 |
| 6 | ഓഡിറ്റ് റിക്കവറി- കണക്കുകളിൽ വ്യത്യാസം | 1-2-4 |
| 7 | വാർഷിക ധനകാര്യ പത്രികയും സുലേഖപത്രികയും തമ്മിൽ തുകകളിൽ വ്യത്യാസം | 1-2-5 |
| 8 | കോൺട്രിബ്യൂഷൻ/തേയ്മാനം-രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-2-6 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം. | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു- 7,975/- രൂപയുടെ അധിക ചെലവ്. | 1-10 |
| 17 | കംഫർട്ട് സ്റ്റേഷൻ നിർമാണം-നാപ്കിൻ വെന്റിംഗ് മെഷീനുകൾക്കും ഇൻസിനറേറ്ററുകൾക്കും ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്. | 1-11 |
| 18 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല. | 1-12 |
| 19 | ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-13 |
| 20 | ക്ഷീരകർഷകർക്ക് കറവപ്പശുവിതരണം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-14 |

| | | |
|---|---|---|
| 21 | ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു | 1-15 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 23 | സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. | 1-17 |
| 24 | ശിശു സൗഹൃദ അങ്കണവാടികൾ- സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി. | 1-18 |
| 25 | ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന വീടുകൾ | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു- 7,975/- രൂപയുടെ അധിക ചെലവ്. | 3-1 |
| 2 | കംഫർട്ട് സ്റ്റേഷൻ നിർമാണം-നാപ്കിൻ വെന്റിംഗ് മെഷീനുകൾക്കും ഇൻസിനറേറ്ററുകൾക്കും ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്. | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീപ്റ്റ് & പേമെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1 തിയതി . 17/02/2021 | 4/4(1) തിയതി. 09/03/2022 |
| മുന്നിരിപ്പ് | 20,66,838 | 1,66,53,256 |
| വരവ് | 30,06,17,300 | 34,97,75,801 |
| ആകെ | 30,26,84,138 | 36,64,29,057 |
| ചെലവ് | 30,01,59,500 | 35,86,60,315 |
| നീക്കിയിരിപ്പ് | 25,24,638 | 77,68,742 |

### 1-2-1 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

### 1-2-2 തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിംഗിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയിൽ അഡ്മിനിസ്ട്രേഷൻ ചെലവ്, സാധന സാമഗ്രികൾക്കും തൊഴിലാളികൾക്കുള്ള വേതനമിനത്തിലും ചെലവ് ചെയ്ത തുകകൾ ഉൾപ്പെടെ ആകെ ചെലവ് 8,61,87,102 രൂപയാണ്. 160100628-NREGA എന്ന റവന്യൂ കണക്കിൽ പക്ഷേ 6,77,33,684 രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയിട്ടുമില്ല.

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-3 റീകൺസിലിയേഷൻ പത്രികയിലെ അപാകതകൾ

താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികയിൽ പഞ്ചായത്തിന് വരവായി ലഭിച്ച ചില ചെക്കുകൾ ബാങ്കിൽ കളക്ഷനാക്കുന്നതിനു വേണ്ടി നല്കിയവ കാലാവധി കഴിഞ്ഞതായി കാണുന്നു, ഈ ചെക്കുകൾ പുതുക്കി വാങ്ങാനോ റീവാലിഡേറ്റ് ചെയ്യുവാനോ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ബാങ്കിൽ നിന്ന് ചില തുകകൾ Directly Debited ചെയ്തിട്ടുണ്ട് ആയതിന്റെ വിവരങ്ങളും ലഭ്യമല്ല. വിശദവിവരം താഴെ കൊടുക്കുന്നു,

| ബാങ്കിന്റെ പേര് | വിവരണം | വൗച്ചർതീയതി | തുക |
|---|---|---|---|
| BFSCB(OWNFUNDA/C),KANHIRATHINGAL | Cheque Deposited But Not | 30-03-2021 | 4,370.00 |

| | | | |
|---|---|---|---|
| ( 0401130000001 ) | Cleared | | |
| | Directly Debited By Bank | 09-11-2021 | 586.00 |
| SBI E PAYMENT A/C, KUTTIKKOL( 37043749693 ) | Cheque Deposited But Not Cleared | 08-07-2021 | 18,400.00 |
| UNION BANK OF INDIA(PLAN) POINACHI (CHEMNAD)(626602010000232 ) | Directly Debited By Bank | 30-04-2021 | 24,261.00 |

## 1-2-4 ഓഡിറ്റ് റിക്കവറി- കണക്കുകളിൽ വ്യത്യാസം

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം റിക്കവറി ഇനത്തിൽ തൻവർഷം 89,680/- രൂപയുടെ വരവുണ്ട്. എന്നാൽ 180400101 എന്ന ഹെഡിൽ 17,650 രൂപ മാത്രമെ ഓഡിറ്റ് റിക്കവറി ഹെഡിൽ വരവായി അക്കൗണ്ട് ചെയ്തിട്ടുള്ളു. 89,680/- രൂപയുടെ വരവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കിയതുക | രശീത് നമ്പർ തിയ്യതി |
|---|---|---|
| മാനേജർ, മാവേലി സ്റ്റോർ | 2500 | 1210103817/23.12.2021 |
| സെക്രട്ടറി, കുറ്റിക്കോൽ അർബൻ കോ.സൊസൈറ്റി | 1250 | 1210105919/24.12.2021 |
| ഡോ.സൂര്യനാരായണ ഭട്ട് പി, സീനിയർ വെറ്റിനറി സർജൻ | 7050 | 1210000256/31.03.2022 |
| ഡോ.സൂര്യനാരായണ ഭട്ട് പി, സീനിയർ വെറ്റിനറി സർജൻ | 3550 | 1210000261/31.03.2022 |
| ബി എ റഹ്മാൻ, കോൺട്രാക്ടർ | 1250 | 1210105001/08.02.2022 |
| മിത്ര വി, അസി.എഞ്ചിനീയർ | 2627 | 1210105512/25.02.2022 |
| മിത്ര വി, അസി.എഞ്ചിനീയർ | 56537 | 1210105513/25.02.2022 |
| തുളസീധരൻ എൻ ടി, അസി.എഞ്ചിനീയർ | 7490 | 1210105714/08.03.2022 |
| തുളസീധരൻ എൻ ടി, അസി.എഞ്ചിനീയർ | 1 | 1210105717/08.03.2022 |
| ഡോ.ബിജു കെ ജി, വെറ്റിനറി സർജൻ | 7050 | 1210000257/31.03.2022 |
| വെറ്റിനറി സർജൻ | 375 | 1210103912/31.05.2021 |

## 1-2-5 വാർഷിക ധനകാര്യ പത്രികയും സുലേഖപത്രികയും തമ്മിൽ തുകകളിൽ വ്യത്യാസം

വാർഷിക ധനകാര്യ പത്രിക പ്രകാരവും, ACR പ്രകാരവും Maintenance To Various Community Hall Buildings (Pro 166/201-22) എന്ന പദ്ധതിക്ക് വേണ്ടി വികസന ഫണ്ട് -TSPയിൽ നിന്ന് 8,25,868 രൂപ

ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖയിൽ നിന്നുള്ള ചെലവ് റിപ്പോർട്ട് പ്രകാരം ഈ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

**1-2-6 കോൺട്രിബ്യൂഷൻ/തേയ്മാനം-രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

വികസന ഫണ്ട് ജനറൽ,ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡ്, നോൺറോഡ്) എന്നീ ഫണ്ടുകളിൽ നിന്നും കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് 31.03.2022-ന് തുകകൾ മാറ്റിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ കണക്കാക്കിയതിന്റെ വിവരങ്ങൾ / രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിവിധ ആസ്തികൾക്ക് 2021-22 വർഷം തേയ്മാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെയും തേയ്മാന പട്ടിക പഞ്ചായത്ത് അംഗീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-3 സാമ്പത്തിക വിശകലനം**

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 1,44,67,742 |
| വരവ് | 11,90,65,529 |
| ആകെ | 13,35,33,271 |
| ചെലവ് | 11,62,55,754 |
| നീക്കിയിരിപ്പ് | 1,72,77,517 |

**1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം**

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2021-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,07,75,599 | 2,07,75,599 | 2,07,66,189 | 9,410 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11,60,377 | 11,60,377 | 11,19,310 | 41,067 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 65,93,299 | 65,93,299 | 60,07,666 | 5,85,633 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,75,59,557 | 1,75,59,557 | 1,38,06,099 | 37,53,458 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 82,79,904 | 82,79,904 | 51,06,961 | 31,72,943 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | Bank-0 | 58,00,000 | 58,00,000 | 12,09,924 | 45,90,076 |
| | Try- 0 | 60,55,788 | 60,55,788 | 42,58,406 | 17,97,383 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Un Tied) | Bank-0 | 38,67,000 | 38,67,000 | 38,59,333 | 7,667 |
| | Try- 0 | 17,60,038 | 17,60,038 | 1,19,749 | 16,40,289 |

കുറിപ്പ്: **(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹29,93,601(ജനറൽ), ₹73,333 (എസ്.സി.പി.), ₹9,82,667 (ടി.എസ്.പി.)** എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,77,72,588 | 1,77,72,588 | 1,77,72,588 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10,45,977 | 10,45,977 | 10,45,977 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 59,34,333 | 59,34,333 | 59,34,333 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,38,06,099 | 1,38,06,099 | 1,38,06,099 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 51,06,961 | 51,06,961 | 51,06,961 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | Bank-0 | 58,00,000 | 58,00,000 | 12,09,924 | 45,90,076 |
| | Try- 0 | 42,58,406 | 42,58,406 | 42,58,406 | 0 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied) | Bank-0 | 38,67,000 | 38,67,000 | 38,59,333 | 7,667 |
| | Try- 0 | 1,19,749 | 1,19,749 | 1,19,749 | 0 |
| **ബി ഫണ്ട്** | | | | | |
| തൊഴിൽരഹിതവേതനം | 0 | 960 | 960 | 960 | 0 |
| വിവാഹധനസഹായം | 0 | 2,40,000 | 2,40,000 | 2,40,000 | 0 |
| **സംയുക്ത പദ്ധതി** | | | | | |
| ജില്ലാ പഞ്ചായത്ത് | 6,436 | 26,41,000 | 26,47,436 | 22,41,000 | 4,06,436 |
| ബ്ലോക്ക് പഞ്ചായത്ത് | 3,85,796 | 41,73,280 | 45,59,076 | 36,73,280 | 8,85,796 |
| **ട്രഷറി അക്കൗണ്ട്** | | | | | |
| ട്രഷറി TSB - ജനറൽ പർപ്പസ് | 19,69,399 | 1,77,57,462 | 1,97,26,861 | 1,87,26,861 | 10,00,000 |
| TSB സംയുക്ത പദ്ധതി | 1,95,198 | 43,95,088 | 45,90,286 | 41,86,800 | 4,03,486 |
| സാക്ഷരത | 5,928 | 300 | 6,228 | 0 | 6,228 |
| MGNREGA | 33,578 | 8,35,045 | 8,68,623 | 8,68,623 | 0 |
| SSA | 2,12,027 | 6,306 | 2,18,333 | 0 | 2,18,333 |
| PYCKA | 1,31,919 | 3,598 | 1,35,517 | 0 | 1,35,517 |

കുറിപ്പ് :

**1).**മേൽ വിവരിച്ച വരവ് ചെലവുകൾ കൂടാതെ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻ വർഷം 1,49,30,000/-രൂപ വരവുണ്ട്.

2).വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷം ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവർ ചെയ്ത് ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് ടി.എസ്.പി യിൽ 5,85,633 രൂപയും, വികസനഫണ്ട് ജനറലിൽ 8,598രൂപയും, വികസനഫണ്ട് എസ്.സി.പി യിൽ 24,377 രൂപയും, മെയിന്റനൻസ് ഗ്രാന്റ്-Non Road-ൽ 1,59,557രൂപയുമാണ് ലഭിച്ചത്, കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 56,204 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി).6591/2021/ഫിൻ പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .**

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 187161761 | 146 | 95067494 | - | 34 | 81 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 32 | 11599061 | 29 | 9340021 | 80 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 5331800 | 10 | 4406944 | 82.65 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 71 | 41927284 | 46 | 20978065 | 50 |
| 4 | കൃഷി ഓഫീസർ | 7 | 3970122 | 6 | 2324620 | 58 |
| 5 | വെറ്റിനറി സർജ്ജൻ | 10 | 4203100 | 10 | 2819334 | 67 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 101332793 | 20 | 38339319 | 38 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 10212330 | 6 | 8623541 | 84 |
| 8 | പ്രധാനധ്യാപകൻ | 9 | 3927204 | 9 | 3843222 | 97.86 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 803374 | 3 | 803374 | 100 |
| 10 | മെഡിക്കൽ ഓഫീസർ - താലൂക്ക് ആശുപത്രി | 5 | 1442293 | 5 | 1389054 | 96 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 600000 | 1 | 600000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1600000 | 1 | 1600000 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 212400 | 0 | 0 | 0 |
| | **ആകെ** | **180** | **187161761** | **146** | **95067494** | **50.79** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 33577 | 834858 | 868435 | 868435 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 66865249* | 66865249 | 66865249* | |

| | | | | | |
|---|---|---|---|---|---|
| ആകെ | 33577 | 67700107 | 67733684 | 67733684 | 0 |

. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 11939 പദ്ധതികളുൾപ്പെടുന്ന 22.61 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 488 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 197275 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറ് തൊഴിൽ ദിനം ലഭിച്ച 810 കുടുംബങ്ങളുണ്ട്.

* ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുകയിലെ വ്യത്യാസം സംബന്ധിച്ച്, വാർഷിക ധനകാര്യ പത്രിക പരിശോധന കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 960 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 5660000 | 346 |
| വിധവാപെൻഷൻ | 21477200 | 1406 |
| വാർദ്ധക്യകാലപെൻഷൻ | 28708400 | 2026 |
| വികലാംഗപെൻഷൻ | 6985000 | 453 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1040000 | 69 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-03-2023 തീയതിയിൽ 2.30 P.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 8,961/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) 26/05/2022ലെ ഉത്തരവ് നം. 27/2022 പ്രകാരം പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തി

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

3) അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

4) ഓഫീസ് മീറ്റിങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്.ഓഡിറ്റ് വർഷം 12 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. ഏപ്രിൽ മാസത്തിലൊഴികെ മറ്റ് എല്ലാ മാസങ്ങളിലും ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്.

5) ഓഡിറ്റ് വർഷം ഭരണ സമിതി 34 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം, ക്ഷേമം , പൊതുമരാമത്ത് , ആരോഗ്യ വിദ്യാഭ്യസം , ധനകാര്യം , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

6) ഗ്രാമപഞ്ചായത്തിന്റെ പ്രവർത്ത ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പ്രധാന നികുതി വരുമാനമാന ഇനങ്ങളിൽ തതനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും, നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/ പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും .

7) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

8) കുടിശ്ശിക ഓഡിറ്റ് ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടികൾ പരിശോധിച്ച് 9 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കിയിട്ടുണ്ട്. ഓഡിറ്റ് മോണിറ്ററിംഗ് സമിതി മിനിട്സ് പ്രകാരം 6/8/2019 ന് ശേഷം 16/02/2021 നാണ് യോഗം ചേർന്നിട്ടുള്ളത്. മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് കുടിശ്ശിക ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുവാനും നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്.

9) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 02/06/2021, 09/6/2021, 15/06/2021, 13/10/2021, 20/11/2021, 10/12/2021, 25/01/2022, എന്നീ തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്. സാധന

സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. വിവിധ പദ്ധതികൾ പ്രകാരം വാങ്ങുന്ന സാധന സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സാങ്കേതിക വിദഗ്ദരെ ഉൾപ്പെടുത്തി പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുവാനുള്ള നടപടികൾ കൂടി പ്രൊക്യൂർമെന്റ് കമ്മിറ്റി സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും

10) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

11) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ , ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നുണ്ട്. തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുത ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

12) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

**1-10 ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു- 7,975/-രൂപയുടെ അധിക ചെലവ്.**

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2021-22 സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത കാനത്തിൽ എസ്.സി കമ്മ്യൂണിറ്റി ഹാൾ നവീകരണം (പ്രൊജക്ട് നം. 76/22), എന്ന പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 7,975/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദ വിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-11 കംഫർട്ട് സ്റ്റേഷൻ നിർമാണം-നാപ്കിൻ വെന്റിംഗ് മെഷീനുകൾക്കും ഇൻസിനറേറ്ററുകൾക്കും ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.**

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദനീയമല്ല. പഞ്ചായത്ത് നടത്തിയ പെർളടുക്കത്ത് കംഫർട്ട് സ്റ്റേഷൻ നിർമാണം എന്ന പ്രോജക്ടിൽ സ്ഥാപനം

നൽകിയ ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്ക് 12% ജി.എസ്.ടി കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 6,134 /- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018 ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. കൂടാതെ 1989ലെ കേരള നിർമാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 8 പ്രകാരം ഒരു കരാറുകാരൻ തൊഴിൽദാതാവായിരിക്കുന്ന സാഹചര്യത്തിൽ കരാറുകാരന് നൽകാനുള്ള ബിൽ തുകയിൽ നിന്ന് 1% തുക കുറവ് ചെയ്ത് ക്ഷേമനിധി ഫണ്ടിലേക്ക് അടക്കാൻ വകുപ്പിന് ബാദ്ധ്യതയുണ്ട്.

എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2021-22 വർഷം വലിയ അളവിൽ സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കരാറുകാർ മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ, ചില പ്രവൃത്തികളിൽ, നിയമങ്ങൾ പ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ, മെറ്റീരിയൽ ഘടകം ഉള്ള എല്ലാ പ്രവൃത്തികളിലും സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള കരാർ എടുത്ത കരാറുകാർക്കുള്ള പേമെന്റുകളിൽ നിന്നും 1% തുക ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് അടച്ചിട്ടില്ല എന്നും കാണുന്നു.

തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടിയും, ആദായ നികുതി നിയമപ്രകാരമുള്ള ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള ക്ഷേമനിധി വിഹിതവും കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ജി.എസ്.ടി, ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കാത്ത പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ വിവരം, കരാറുകാരൻ | കരാറുകാരന് നൽകിയ തുക | | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | ഈടാക്കേണ്ടിയിരുന്ന നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം |
|---|---|---|---|---|---|---|
| | | എഫ്.ടി.ഒ നം, തിയതി | തുക | | | |
| 1 | 10/241 ചുള്ളി പേത്താളംകയ റോഡ് കോൺക്രീറ്റിംഗ്(1601002001/ RC/332978)<br>കരാറുകാരൻ- VENUGOPALAN M | KL1601002001_030421FTO_3163 | 392476 | 7849.52 | 3924.76 | 3924.76 |
| 2 | 11/30 ജയപുരം കോളനി റോഡ് കോൺക്രീറ്റിംഗ്(1601002001/ RC/305526) | KL1601002001_080421FTO_11015 | 366760 | 7335.2 | 3667.6 | 3667.6 |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ-SURESH KUMAR A | | | | | |
| 3 | 5/39 തോണിക്കടവ് ബത്തക്മിരി റോഡ് കോൺക്രീറ്റ് (1601002001/ RC/327070)<br>കരാറുകാരൻ- Aravindakshan K | KL1601002001_080421FTO_11618 | 374295 | 7485.9 | 3742.95 | 3742.95 |
| 4 | 14/50 അമ്പിലാടി കണക്കംകടവ് റോഡ് കോൺക്രീറ്റിംഗ്(1601002001/ RC/316835)<br>കരാറുകാരൻ- K Muhammed Kunhi | KL1601002001_080421FTO_11631 | 352587 | 7051.74 | 3525.87 | 3525.87 |
| 5 | 3/25 താനത്തിങ്കാൽ ചേടിക്കുണ്ട് റോഡ് കോൺക്രീറ്റ്(1601002001/ RC/328876)<br>കരാറുകാരൻ- Anandan T | KL1601002001_040521FTO_62847 | 374295 | 7485.9 | 3742.95 | 3742.95 |
| 6 | 4/31 പാണ്ടിക്കണ്ടം വള്ളിവളപ്പ് റോഡ് കോൺക്രീറ്റിംഗ്(1601002001/ RC/328872)<br>കരാറുകാരൻ- K Muhammed Kunhi | KL1601002001_050521FTO_65922 | 366840 | 7336.8 | 3668.4 | 3668.4 |
| 7 | 3/24 മരുതടുക്കം ചേടിക്കുണ്ട് കിഴക്കേക്കര റോഡ് സോളിംഗ് (1601002001/RC/328878)<br>കരാറുകാരൻ- SURESH KUMAR A | KL1601002001_170521FTO_85422 | 218035 | 0 | 2180.35 | 2180.35 |
| 8 | 17/831 അഞ്ചാംമൈൽ കോളനി റോഡ്-കൾവർട്ട് നിർമ്മാണം(1601002001/ RC/307790)<br>കരാറുകാരൻ-C Udayan | KL1601002001_180521FTO_87586 | 334815 | 6696.3 | 3348.15 | 3348.15 |
| 9 | 17/30 ബറോട്ടി-നിട്ടുവോട്ട് റോഡ്-കൾവർട്ട് നിർമ്മാണം(1601002001/ AV/267096)<br>കരാറുകാരൻ- K Muhammed Kunhi | KL1601002001_240521FTO_92390 | 288948 | 5778.96 | 2889.48 | 2889.48 |
| 10 | 11/20- കുട്ട്യാനം ഏത്താറ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (1601002001/RC/302953)<br>കരാറുകാരൻ-Anandan T | KL1601002001_090621FTO_110794 | 279064 | 5581.28 | 2790.64 | 2790.64 |
| 11 | 10/247 ക്കുരംകയ പടിമരുത് കോളനി റോഡ് കോണ്ക്രീറ്റ്(1601002001/ RC/332980)<br>കരാറുകാരൻ- SATHEESH M | KL1601002001_250621FTO_146869 | 392495 | 7849.9 | 3924.95 | 3924.95 |
| 12 | 2/90- വരിക്കുളം പാടശേഖരം തോട് സംരക്ഷണം (1601002001/FP/351149)<br>കരാറുകാരൻ- Fazal Rehiman M K | KL1601002001_010721FTO_164704 | 335553 | 6711.06 | 3355.53 | 3355.53 |

| | | | | | | |
|---|---|---|---|---|---|---|
| 13 | 5/39 ബത്തകമരി തോണിക്കടവ് റോഡ് കോൺക്രീറ്റ് (1601002001/ RC/327072)<br>കരാറുകാരൻ- K Muhammed Kunhi | KL1601002001_020721FTO_166327 | 374295 | 7485.9 | 3742.95 | 3742.95 |
| 14 | 17/36 കുണ്ട്കണ്ടം കളവയൽ റോഡ് സോളിംഗ്(1601002001/ RC/328909)<br>കരാറുകാരൻ- C Udayan | KL1601002001_150721FTO_213163 | 211162 | 0 | 2111.62 | 2111.62 |
| 15 | 17/33 ചൂരിക്കോട് ആയംകടവ് റോഡ്-കൾവർട്ട് നിർമ്മാണം(1601002001/ RC/325785)<br>കരാറുകാരൻ- Anandan T | KL1601002001_150721FTO_213187 | 305019 | 6100.38 | 3050.19 | 3050.19 |
| 16 | 17/98 ചൂരിക്കോട് ആയംകടവ് റോഡ് സോളിംഗ്(1601002001/ RC/262651)<br>കരാറുകാരൻ-Anandan T | KL1601002001_150721FTO_213245 | 275743 | 5514.86 | 2757.43 | 2757.43 |
| 17 | ആകെ | | | 96,26,370 | 52423.82 | 52423.82 |

## 1-13 ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 84- ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) ബേഡഡുക്കയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 600000/- |
| ചെലവ് തുക<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 600000/- | ബിൽ റഫറൻസ് നമ്പർ: 21200752015100422734; തീയതി: 18/9/21; തുക: 600000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ |

ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) ബേഡഡുക്കയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി ഹോംകോയ്ക്ക് 600000/- രൂപ ട്രാൻസ്ഫർ ചെയ്യുകയും 20/1/2022 ൽ ഹോംകോയിൽ നിന്നും ഈ തുകയ്ക്കുള്ള കൈപ്പറ്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ചുവടെ പറയും പ്രകാരം 365801/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.

| ഇൻവോയിസ് നമ്പർ | തുക | തീയതി |
|---|---|---|
| LF- 454 | 202870/- | 29/7/2022 |
| LF- 2607 | 162931/- | 8/3/2022 |
| ആകെ- **365801/-** | | |

ബാക്കി 234199/- രൂപയുടെ (600000 - 365801) മരുന്നുകൾ ലഭ്യമാകാത്തതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/ 2.3.2023 ന് ഹോംക്കോയിലേക്ക് മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് 17/1/2023 ലും 5/3/2023 ലും അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും

രണ്ടാഴ്ചക്കകം മരുന്ന് എത്തിക്കാമെന്ന് ഹോംക്കോ അറിയിച്ചിട്ടുണ്ടെന്നുമാണ് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മരുന്നുകൾ ഏത്രയും വേഗം ലഭ്യമാക്കി മറുപടി രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവു തുകയായ 234199/- രൂപ തടസ്സപ്പെടുത്തുന്നു.

**1-14 ക്ഷീരകർഷകർക്ക് കറവപശുവിതരണം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

1)

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 139 - ക്ഷീരകർഷകർക്ക് കറവപ്പശുവിതരണം (വനിത) |
| അടങ്കൽ തുക | വികസന ഫണ്ട് - ജനറൽ - 250000/- |
| ചെലവ് തുക വികസന ഫണ്ട് - ജനറൽ - 250000/- | ബിൽ റഫറൻസ് നമ്പർ / തീയതി / തുക:<br>21200752012000520462 / 11/10/2021 / 225000/-<br>21200752012000520463 / 11/10/2021 / 25000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പശുവിനെ വാങ്ങുന്നതിന് ഗുണഭോക്താവ് ബാങ്ക് വായ്പ എടുക്കുകയും ഈ തുക ഉപയോഗിച്ച് പശുവിനെ വാങ്ങി സ്വന്തം ചെലവിൽ ഇൻഷൂർ ചെയ്യുന്നതനുസരിച്ച് വായ്പയിലേക്ക് സബ്സിഡി തുക ബാങ്ക് സസ്പെൻസ് അക്കൗണ്ടിലേക്ക് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ഇത് പ്രകാരം 10 ഗുണഭോക്താക്കൾക്കായി 25000/- രൂപ വീതം ആകെ 250000/- രൂപ വിവിധ ബാങ്കിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ ജാനകി.എ എന്ന ഗുണഭോക്താവിന്റെ പേരിൽ നൽകിയിട്ടുള്ള 25000/- രൂപയ്ക്ക് കൊളത്തൂർ സർവ്വീസ് സഹകരണ ബേങ്കിൽ നിന്നും നൽകിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ചുവടെ പറയുന്ന 225000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| സ്ഥാപനം | നൽകിയ തുക |
|---|---|
| ബേഡഡുക്ക ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 150000/- |
| കേരള ഗ്രാമീൺ ബാങ്ക് പെർളഡുക്കം | 25000/- |
| കേരള ഗ്രാമീൺ ബാങ്ക് മുന്നാട് | 50000/- |

2)

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 140 - ക്ഷീര സുഭിക്ഷ - പശുവളർത്തൽ |
| അടങ്കൽ തുക | തനത് ഫണ്ട് - 240000/- |
| ചെലവ് തുക, തനത് ഫണ്ട് - 240000/- | ചെക്ക് നമ്പർ / തീയതി / തുക:<br>XY - 5252176 / 1/12/2021 / 240000/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സുഭിക്ഷ പദ്ധതിയുടെ ഭാഗമായി ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 5 ഗുണഭോക്താക്കൾക്ക് 2 പശുക്കളെ വീതം ലഭ്യമാക്കുന്നതിന് 50 % ഗുണഭോക്തൃ വിഹിതം വായ്പയായി ലഭ്യമാക്കുന്നതാണ് പദ്ധതി.

മേൽ പദ്ധതിക്കായി ചുവടെ പറയും പ്രകാരം ബാങ്കുകൾക്ക് 240000/- രൂപ നൽകിയിട്ടുണ്ട്.

| സ്ഥാപനം | നൽകിയ തുക |
|---|---|
| ബേഡഡുക്ക ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 180000/- |
| കേരള ഗ്രാമീൺ ബാങ്ക് പെർളഡുക്കം | 60000/- |

മേൽ പ്രകാരമുള്ള 240000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/7.3.2023 ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബാങ്കുകളിൽ അറിയിച്ചിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് അയച്ചുതരുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 465000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു

### 1) കർഷക പെൻഷൻ

2021, 2022 വർഷം മരണം രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണ ശേഷവും കർഷക പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പേര്, ഇനം, സ്ഥാപനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | സി.കുഞ്ഞമ്പു നായർ (അഗ്രിക്കൾച്ചറൽ ഓഫീസ് - ബേഡഡുക്ക) | 2220320053 | 10/3/2021 | 4/21 മുതൽ 8/21 (1600 X 5 ) | 8000 |
| 2 | സുശീല.സി (അഗ്രിക്കൾച്ചറൽ ഓഫീസ് - ഉദുമ) | 2220251542 | 7/1/2022 | 2/22 മുതൽ 10/22 (1600 X 9) | 14400 |

| | | | | | |
|---|---|---|---|---|---|
| 3 | അബ്ബാസ് (അഗ്രിക്കൾച്ചറൽ ഓഫീസ് - ബേഡഡുക്ക) | 2220320123 | 17/3/2022 | 4/22 മുതൽ 9/22 (1600 X 6) | 9600 |
| 4 | കോറപ്പാളു.ടി (അഗ്രിക്കൾച്ചറൽ ഓഫീസ് - ബേഡഡുക്ക) | 2220319996 | 13/6/2022 | 7/22 മുതൽ 11/22 (1600 X 5) | 8000 |
| 5 | അപ്പകുഞ്ഞി (അഗ്രിക്കൾച്ചറൽ ഓഫീസ് - ബേഡഡുക്ക) | 2220319937 | 1/7/2022 | 8/22 മുതൽ 11/22 (1600 X 4) | 6400 |
| 6 | കുമാരൻ മണിയാണി (അഗ്രിക്കൾച്ചറൽ ഓഫീസ് - ബേഡഡുക്ക) | 2220320168 | 29/8/2022 | 9/22 മുതൽ 11/22 (1600 X 3) | 4800 |
| 7 | ടി.കുട്ട്യൻ (അഗ്രിക്കൾച്ചറൽ ഓഫീസ് - ബേഡഡുക്ക) | 2220319921 | 21/9/2022 | 10/22 മുതൽ 11/22 (1600 X 2) | 3200 |
| 8 | നാരായണൻ നായർ.കെ (അഗ്രിക്കൾച്ചറൽ ഓഫീസ് - ബേഡഡുക്ക) | 2220320150 | 17/9/2022 | 11/22 (1600 X 1) | 1600 |
| 9 | കാർത്ത്യായണി അമ്മ.കെ.പി (അഗ്രിക്കൾച്ചറൽ ഓഫീസ് - ബേഡഡുക്ക) | 2220370569 | 25/7/2022 | 8/22 (1600 X 1) | 1600 |
| 10 | കുഞ്ഞികണ്ണൻ.പി (അഗ്രിക്കൾച്ചറൽ ഓഫീസ് - ബേഡഡുക്ക) | 2220319950 | 4/10/22 | 11/22 (1600 X 1) | 1600 |
| ആകെ | | | | | 59200 |

2) ഗുണഭോക്താക്കളുടെ മരണ ശേഷം മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും സാമൂഹ്യ സുരക്ഷ

പെൻഷൻ വിതരണം ചെയ്തിരിക്കുന്നു.

2021 - 22 വർഷം മരണം രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ഗുണഭോക്താവിന് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നു.

| ക്രമ നം | പേര്, ഇനം, സ്ഥാപനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | കെ.നാരായണി (കർഷകതൊഴിലാളി പെൻഷൻ) - പള്ളിക്കര ഗ്രാമപഞ്ചായത്ത് | 112020100692 | 16/5/2021 | 6/21 മുതൽ 4/22 വരെ (1600 X 11) | 17600 |
| ആകെ | | | | | 17600 |

ഇത്തരത്തിൽ പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനത്തിനു പുറത്തായി മരണ രജിസ്ട്രേഷൻ ചെയ്യുന്നസാഹചര്യത്തിൽ ആയത് സ്ഥാപനത്തിൽ അറിയാതെ പോകുന്നതിനാൽ മരണശേഷവും പെൻഷൻ വിതരണം നടന്നുവരുന്നു. മേൽ സ്ഥാപനങ്ങൾക്ക് വിവരം അറിയിക്കുന്നതിനുള്ള നടപടി കൈകൊള്ളേണ്ടതാണ്.

**1-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുവടെ ചേർത്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് വിവരം | തുക | വൗച്ചർ നം/ ബിൽ നം, തിയതി | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പ്രൊ.നം.2/22 വയോമിത്രം പരിപാടി സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ ( വികസന ഫണ്ട് ജനറൽ) | 5,00,000/- | ബിൽ.നം. 00428318 തിയതി. 29/09/2021 | സാമൂഹ്യ സുരക്ഷാ മിഷൻ തിരുവനന്തപുരം |
| 2 | 119/22 വന്യമൃഗശല്യം തടയാൻ വേലി സ്ഥാപിക്കൽ (തനത് ഫണ്ട്) | 5,00,000/- | വൗ.നം. 22100536/ തി.01.10.2021 | കേരള വനവികാസ ഏജൻസി കാസറഗോഡ് |
| 3 | 219/22 സൗജന്യ ഡയാലിസിസ് പദ്ധതി - വിഹിതം നൽകൽ | 2,00,000/- | ബിൽ.നം. 00949806 തിയതി. 15/01/2022 | കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് |
| 4 | 125/21-22 തെരുവ് വിളക്ക് ലൈൻ വിപുലീകരണം | 11,14,156/- | വൗ.നം. 22100645/ തി.23.10.2021 | കെ.എസ്.ഇ.ബി- ചട്ടഞ്ചാൽ സെക്ഷൻ |

മേൽ പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പദ്ധതി നിർവ്വഹണ ചുമതലയുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതുവരെ മേൽ പട്ടിക പ്രകാരമുള്ള 23,14,156 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-17 സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.**

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ഈടാക്കുന്നുണ്ട്. എന്നാൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. മേൽ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള ഉപയോഗക്രമങ്ങളുടെയും നികുതി നിരക്കുകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, | 3 | 8 |

| | | | |
|---|---|---|---|
| | വർക്ക്ഷോപ്പ് | | |
| 3 | കാർഷിക ആവശ്യത്തിനുള്ളവ | 0 | 0 |
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

ഇപ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല. നികുതി നിരക്കുകൾ പരിഷ്കരിച്ച് ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-18 ശിശു സൗഹൃദ അങ്കണവാടികൾ- സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി.**

| | |
|---|---|
| പ്രോജക്ട് നം &പേര് | 190/2021-22, സ്മാർട്ട് അങ്കണവാടി ആർട്ട്കോ ഡെപ്പോസിറ്റ്. |
| ഫണ്ടിനം- | 14,00,000 ( MG-NR) |
| ചെലവ് | 14,00,000 ( MG-NR) |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ഏഴ് അങ്കണവാടികൾ ശിശു സൗഹൃദ അങ്കണവാടികളാക്കുവാൻ വേണ്ടിയാണ് മേൽ പ്രോജക്ട് പ്രകാരം പദ്ധതി രൂപീകരിച്ചത്. 14,00,000 രൂപ അടങ്കലിലുള്ള മേൽ പ്രവൃത്തി നടപടിക്രമങ്ങൾ പാലിക്കാതെ ARTCO മുഖേന നേരിട്ടാണ് നടപ്പിലാക്കിയത്. ബില്ല് നം 309/ Dt.25.02.2022പ്രകാരം 14,00,000 രൂപയുടെ പ്രവൃത്തികൾ ഏഴ് അങ്കണവാടികളിലുമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് 14,00,000 രൂപ മേൽ ബില്ല് പ്രകാരം ARTCO-യ്ക്ക് നല്കുകയാണുണ്ടായത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021-ലെ 4.62(2)നമ്പർ യോഗ തീരുമാനം, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.11.2021-ലെ സ.ഉ.(സാധാ)നം.2414/2021 തസ്വഭവ ഉത്തരവ് എന്നിവ പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അങ്കണവാടികളുടെ ഇൻറ്റീരിയർ വർക്കുകൾ ടെണ്ടർ കൂടാതെ ARTCO-യെ ഏൽപ്പിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ മേൽ ഉത്തരവ് പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്.

**പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.**

**A).**ARTCO ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും വില നിലവാരവും സംബന്ധിച്ച ലിസ്റ്റ് 13.05.2019 തീയ്യതിയിലെ ജി.ഒ (ആർ.ടി) നം. 19/2019/എസ്.പി.ഡി, ജി.ഒ (ആർ.ടി) നം. 20/2019/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം സ്റ്റോഴ്സ് പർച്ചേസ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ തുടർ വർഷങ്ങളിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. GO(RT) 1/2021/SPD Dt. 05.01.2021, GO(RT) 27/2020/SPD Dt. 31.12.2020). മേൽ ഉത്തരവുകളിൽ പരാമർശിച്ച സാധനങ്ങൾ മാത്രമേ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO യിൽ നിന്ന് നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്നും, ഇതിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കണമെന്നും ഉത്തരവുകളിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം ARTCO വിതരണം ചെയ്തവ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ അനുമതിയില്ലാത്തവയാണ്.

B).ARTCO ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങുന്ന ഉപകരണങ്ങൾ ARTCO സ്വന്തമായി നിർമ്മിച്ചതാണെന്നും, പുറമേ നിന്ന് വാങ്ങിയതല്ലെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ഒരു സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ ARTCOയിൽ നിന്ന് ലഭ്യമാക്കേണ്ടതാണെന്ന് മേൽ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.(ഓഡിറ്റ് എൻക്വയറി നം-10തീയ്യതി 07-03-2023.) മേൽ അപാകതകൾ കാരണം 14,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന വീടുകൾ

നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സൂക്ഷിക്കുന്ന സ്കീം രജിസ്റ്റർ പരിശോധിച്ചതിൽലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19, , 21-22 വർഷങ്ങളിലായി ഭവന നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നതായി കാണുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന മുഴുവൻ വീടുകളും എത്രയും വേഗം പൂർത്തീകരിക്കുവാനും , നിർമ്മാണം പൂർത്തീകരിച്ചവർക്ക് തുടർ ഗഡുക്കൾ അനുവദിക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ അനുവദിച്ച തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 2018-19 (എസ്.ടി) | | | |
| 1 | കമലാക്ഷി | 4,20,000/- | മേൽക്കൂര |
| 2 | ജനാർദ്ദനൻ.കെ.ടി | 4,20,000/- | മേൽക്കൂര |
| 3 | രാധിക.എച്ച് | 4,20,000/- | മേൽക്കൂര |
| 4 | സരോജിനി.യു. | 4,40,000/- | മേൽക്കൂര |
| 2018-19 (എസ്.സി) | | | |
| 1 | സുന്ദരി.പി | 1,60,000 | തറ |
| 2018-19 (ജനറൽ) | | | |
| 1 | ഉഷ.പി | 40,000 | ലഭ്യമല്ല |
| ലൈഫ് അഡീഷണൽ ലിസ്റ്റ് (എസ്.ടി)-2021-22 | | | |
| 1 | പുഷ്പ | 4,00,000 | ചുമര് |
| 2 | അശ്വതി.കെ | 2,70,000 | ലഭ്യമല്ല |
| 3 | രാജു | 4,08,000 | തറ |
| 4 | ലക്ഷ്മി | 5,20,000 | ലഭ്യമല്ല |
| 5. | സരോജിനി | 3,30,000 | മേൽക്കൂര |
| 6 | നാരായണൻ.എച്ച് | 2,90,000 | മേൽക്കൂര |
| 7 | പള്ളി .എച്ച് | 3,30,000 | പ്ലാസ്റ്റ |
| 8 | നാരായണി.എച്ച് | 3,10,000 | ചുമര് |
| 9 | കാരിച്ചി | 2,00,000 | ചുമര് |
| 10 | ഗീത.പി | 3,10,000 | മേൽക്കൂര |
| 11 | വെള്ളച്ചി.എച്ച് | 80,000 | തറ |
| 12 | ചാന്ദ | 2,00,000 | ചുമര് |
| 13 | കമലാക്ഷൻ എടപ്പണി | 5,00,000 | മേൽക്കൂര |

| | | | |
|---|---|---|---|
| 14 | രത്നാകരൻ എടപ്പണി | 5,00,000 | മേൽക്കൂര |
| 15 | സന്തോഷ് എടപ്പണി | 5,00,000 | മേൽക്കൂര |
| 16 | വാസന്തി നിട്ടുബയൽ | 5,00,000 | മേൽക്കൂര |
| 17 | കൃഷ്ണൻ ആമ്പിലാടി | 5,00,000 | മേൽക്കൂര |
| 18 | രാധ പണ്ടാരംപള്ളം | 3,30,000 | മേൽക്കൂര |
| 19 | ബേബി പണ്ടാരംപള്ളം | 3,30,000 | മേൽക്കൂര |
| 20 | വിനു ആമ്പിലാടി | 5,00,000 | മേൽക്കൂര |
| 21 | ശാന്ത ലിങ്കംതോട് | 4,30,000 | മേൽക്കൂര |
| 22 | പള്ളിച്ചി ആമ്പിലാടി | 4,10,000 | മേൽക്കൂര |
| 23 | മിനീഷ് ആമ്പിലാടി | 4,30,000 | മേൽക്കൂര |
| 24 | സുജിത്ത് ലിങ്കംതോട് | 2,00,000 | ചുമര് |
| 25 | ഉദയൻ ചെറപ്പാറ | 3,00,000 | ചുമര് |
| 26 | മണി പണ്ടാരംപള്ളം | 3,60,000 | ചുമര് |
| 27 | കേശവൻ കരിച്ചേരി | 3,60,000 | ചുമര് |
| 28 | ചെനിയാറു കരിച്ചേരി | 2,00,000 | ചുമര് |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു- 7,975/-രൂപയുടെ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2021-22 സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത കാനത്തിൽ എസ്.സി കമ്മ്യൂണിറ്റി ഹാൾ നവീകരണം (പ്രൊജക്ട് നം. 76/22), എന്ന പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 7,975/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 76/22 (കാനത്തിൽ എസ്.സി കമ്മ്യൂണിറ്റി ഹാൾ നവീകരണം) |
| അടങ്കൽ | ₹ 3,40,000/- (വികസനഫണ്ട് ജനറൽ)<br>₹ 60,000/- (വികസനഫണ്ട് എസ്.സി.എസ്.പി) |
| എസ്റ്റിമേറ്റ് തുക | ₹ 4,00,000/- |
| എം. ബുക്ക് നം. | 13/20-21, 7/2022-23, 8/22-23 |

| | | | |
|---|---|---|---|
| ആകെ അളവ് മൂല്യം | ₹ 3,39,119/- | | |
| കരാറുകരാൻ | ശ്രീ.കൃഷ്ണരാജ്.സി | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 2.1% കുറവ്. | | |
| എഗ്രിമെന്റ് നമ്പർ | നം.16/AE/LID&EW/BDKA/21-22തീയതി: 03.11.2021 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | BRN 21200752008601467835 തീ: 25.03.2022 | ₹ 60,000/- | ₹ 60,000/- |
| | BRN 22200752008600106562 തീ: 16.05.2022 (വികസനഫണ്ട് ജനറൽ) 2022-23 വർഷം | ₹ 3,19,813/- | ₹ 3,06,249 /- |

കാനത്തിൽ എസ്.സി കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്ന പ്രവൃത്തിക്കായി താഴെ പറയുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു.

| ക്രമ നം | പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ശ്രീ.കൃഷ്ണരാജ്.സി | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 2.1% കുറവ്. |
| 2 | ശ്രീ. ബാലഗോപാലൻ.എ | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 2% കുറവ്. |

പ്രവൃത്തിക്കായി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.കൃഷ്ണരാജ്.സി (എസ്റ്റിമേറ്റ് നിരക്കിനെക്കാളും 2.1% കുറവ്) എന്ന കരാറുകാരന്റെ ടെണ്ടർ 12.10.2021 ലെ പഞ്ചായത്ത് തീരുമാനം നം 23(2) പ്രകാരം അംഗീകരിക്കുകയും പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പ്രവൃത്തി ചെയ്തതിന് 2021-22 ൽ 60,000 രൂപയും 2022-23 ൽ 3,19,813 രൂപയും ചുവടെ ചേർത്ത പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| BRN 21200752008601467835 തീ: 25.03.2022 (വികസനഫണ്ട് എസ്.സി.എസ്.പി) | ₹ 60,000/- |
| BRN 22200752008600106562 തീ: 16.05.2022 (വികസനഫണ്ട് ജനറൽ) 2022-23 വർഷം | ₹ 3,19,813/- |
| ആകെ | 3,79,813 |

പ്രവൃത്തിയുടെ അന്തിമബിൽ അനുവദിച്ചപ്പോൾ 2.1% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്തതിന് ട്രഷറിയിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിക്കേണ്ടിയിരുന്ന തുക ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 3,39,119/- |
| (-) 2.1% ടെണ്ടർ കിഴിവ് | ₹ 7,121/- |
| ആകെ | ₹ 3,31,998/- |
| 12% ജി.എസ്.ടി കോമ്പൻസേഷൻ | ₹ 39,840/- |

| | |
|---|---|
| ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന തുക | ₹ 3,71,838/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 3,79,813/- |
| അധികം ചെലവഴിച്ച തുക | ₹ 7,975/- |

പ്രവൃത്തിക്കായി ₹ 7,975/- അധികം ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04, തിയതി 06.03.2023) നൽകിയ മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഉടനെ ഒടുക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഉടൻ ഈടാക്കി വിവരം ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 കംഫർട്ട് സ്റ്റേഷൻ നിർമാണം-നാപ്കിൻ വെന്റിംഗ് മെഷീനുകൾക്കും ഇൻസിനറേറ്ററുകൾക്കും ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദനീയമല്ല. പഞ്ചായത്ത് നടത്തിയ പെർളടുക്കത്ത് കംഫർട്ട് സ്റ്റേഷൻ നിർമാണം എന്ന പ്രോജക്ടിൽ സ്ഥാപനം നൽകിയ ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്ക് 12% ജി.എസ്.ടി കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 6,134 /- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രോജക്ട് നം.167/22- പെർളടുക്കത്ത് കംഫർട്ട് സ്റ്റേഷൻ നിർമാണം**

അടങ്കൽ- 10 ലക്ഷം രൂപ (7,90,000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 2,10,000- കേന്ദ്രാവിഷ്കൃത ഫണ്ട്)

| | |
|---|---|
| ചെലവ്- | |
| BRN 2120075200860057536, തിയതി 25.10.2021, ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 6,93,596 |
| BRN 2120075200860152424, തിയതി 18.02.2022, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 77,889 |
| ട്രഷറി ചെക്ക് നമ്പർ 5252174, തിയതി 01-12-2021)<br>തനതു ഫണ്ട് | 1,03,944 |
| ആകെ | 8,75,429 |

ഈ പ്രവൃത്തിക്കായി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിലെ ഭാഗം 2 ൽ നാപ്കിൻ വെന്റിംഗ് മെഷിൻ, ഇൻസിനറേറ്റർ, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി 67,400 രൂപ ലംപ്സം തുക വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 35/2020 ലെ പേജ് 13 ൽ ഈ സാമഗ്രികളുടെ അളവും മൂല്യം രേഖപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ YONG ENTERPRISES എന്ന സ്ഥാപനത്തിന്റെ 25.08.2021 ലെ YONG-246-2021-22 എന്ന നമ്പരിലുള്ള ഇൻവോയ്സ് പ്രകാരം വാങ്ങിയ സാമഗ്രികളുടെ വിവരങ്ങളും ബിൽ തുകയുമാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഇൻവോയ്സ് പ്രകാരം നാപ്കിൻ വെന്റിംഗ് മെഷിൻ, ഇൻസിനറേറ്റർ, ഒരു കാർട്ടൺ ബോക്സ് നാപ്കിൻ എന്നിവ

വാങ്ങിയ വകയിൽ 18% ജി.എസ്.ടി (നാപ്കിന് ഒഴികെ) അടക്കം 51,120 രൂപ കരാറുകാരൻ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ തുകയാണ് ഈയിനത്തിലെ മൂല്യമായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം രേഖപ്പെടുത്തിയ തുകയടക്കമുള്ള ആകെ പ്രവൃത്തി മൂല്യത്തിന്മേൽ 12% ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചു കൊണ്ടാണ് BRN 212007520086005575336, തിയതി 25.10.2021 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 6,93,596 രൂപയുടെ പേമെന്റ് നടത്തിയിട്ടുള്ളത്.

സ്ഥാപനം നൽകിയ ഇൻവോയ്സിൽ ജി.എസ്.ടി. തുക കൂടി ഉൾപ്പെടുന്നതിനാൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ 51,120 രൂപയുടെ 12% ജി.എസ്.ടി കോമ്പൻസേഷൻ വീണ്ടും നൽകേണ്ടതില്ല. എന്നാൽ ഈ തുകയ്ക്കു കൂടി 12% ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിനാൽ 6,134 രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.

പ്രവൃത്തിക്കായി ₹ 6,134/- അധികം ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05, തിയതി 06.03.2023) നൽകിയ മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഉടനെ ഒടുക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഉടൻ ഈടാക്കി വിവരം ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2021-22 | 01/3/2023 & 02/03/2023 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4,43,280 | പ്രൊ.നം.26/22 - നെൽകൃഷി വികസനം | 4,43,280 | 0 |
| | 2021-22 | 60,000 | പ്രൊ.നം.174/22 ലൈഫ് ഭവനം എസ്.സി (സ്പിൽ ഓവർ) | 60,000 | 0 |
| | 2021-22 | 40,000 | പ്രൊ.നം.172/22 ലൈഫ് ഭവനം ജന.(സ്പിൽ ഓവർ) | 40,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 6,80,000 | പ്രൊ.നം.177/22 ലൈഫ് ഭവനം എസ്.സി (സ്പിൽ ഓവർ) | 6,80,000 | 0 |
| | 2021-22 | 7,50,000 | പ്രൊ.നം.207/22 ലൈഫ് ഭവനം എസ്.സി (സ്പിൽ ഓവർ) | 7,50,000 | 0 |
| | 2021-22 | 4,00,000 | പ്രൊ.നം.6/22 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,00,000 | 0 |
| | 2021-22 | 5,00,000 | പ്രൊ.നം.170/22 മണ്ണട്ടക്കം പുളിയാർ കല്ല് എസ്.ടി കോളനി കുടിവെള്ള പദ്ധതി | 5,00,000 | 0 |
| | 2021-22 | 8,00,000 | പ്രൊ.നം.32/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 8,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,00,000 | പ്രൊ.നം.49/22 - തെങ്ങിൻ തൈ വിതരണം | 2,00,000 | 0 |
| | 2021-22 | 4,40,000 | പ്രൊ.നം.177/22 ലൈഫ് ഭവനം എസ്.സി (സ്പിൽ ഓവർ) | 4,40,000 | 0 |
| | 2021-22 | 13,00,000 | പ്രൊ.നം.207/22 ലൈഫ് ഭവനം എസ്.സി (സ്പിൽ ഓവർ) | 13,00,000 | 0 |
| | 2021-22 | 2,01,000 | പ്രൊ.നം.6/22 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,01,000 | 0 |
| | 2021-22 | 1,00,000 | പ്രൊ.നം.231/22 അഗതി രഹിത കേരളം | 1,00,000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 125/21-22 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 22100645/ 30.10.2021 | 11,14,156/- | 0 | 11,14,156/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം.68/2018/ തസ്വഭവ,തിയതി 18.05.2018 | 2,55,53,078 | 2,14,87,078 + 2,50,000 = 2,17,37,078 | 24,20,001 | 0 | 1,93,17,077 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 34,05,112 |
| തൻവർഷം നിക്ഷേപിച്ചത് | 2,46,871 |
| ആകെ | 36,51,983 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 36,51,983 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-3-2022)**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി) | നിക്ഷേപിച്ച തിയതി(Renewel) | കാലയളവ് | തുക |
|---|---|---|---|---|
| 1 | The Kuttikkol Agriculturist Welfare Co-Operative Society Ltd | 31/12/2021 | 1 Year | 13,54,161 |
| 2 | The Kolathur Service Cooperative Bank Ltd | 31/12/2021 | 1 Year | 22,97,822 |
| Total | | | | 36,51,983 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 89,680/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-2(3) | 2500 | മാനേജർ, മാവേലി സ്റ്റോർ | 1210103817/23.12.2021 |
| 2015-16 | 2-2(6) | 1250 | സെക്രട്ടറി, കുറ്റിക്കോൽ അർബൻ കോ.സൊസൈറ്റി | 1210105919/24.12.2021 |
| 2009-10 | 3-5 | 7050 | ഡോ.സൂര്യനാരായണ ഭട്ട് പി, | 1210000256/31.03.2022 |

| | | | | |
|---|---|---|---|---|
| | | | സീനിയർ വെറ്റിനറി സർജൻ | |
| 2009-10 | 3-5 | 3550 | ഡോ.സൂര്യനാരായണ ഭട്ട് പി, സീനിയർ വെറ്റിനറി സർജൻ | 1210000261/31.03.2022 |
| 2006-07 | 3-5 | 1250 | ബി എ റഹ്മാൻ, കോൺട്രാക്ടർ | 1210105001/08.02.2022 |
| 2010-11 | 3-8 | 2627 | മിത്ര വി, അസി.എഞ്ചിനീയർ | 1210105512/25.02.2022 |
| 2009-10 | 3-8 , 3-9 | 56537 | മിത്ര വി, അസി.എഞ്ചിനീയർ | 1210105513/25.02.2022 |
| 2017-18 | 3-1(2) | 7490 | തുളസീധരൻ എൻ ടി, അസി.എഞ്ചിനീയർ | 1210105714/08.03.2022 |
| 2017-18 | 3-1(2) | 1 | തുളസീധരൻ എൻ ടി, അസി.എഞ്ചിനീയർ | 1210105717/08.03.2022 |
| 2010-11 | 3-1 | 7050 | ഡോ.ബിജു കെ ജി, വെറ്റിനറി സർജൻ | 1210000257/31.03.2022 |
| 2011-12 &2012-13 | 3-20 | 375 | വെറ്റിനറി സർജൻ | 1210103912/31.05.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **23-** വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 ( Plan) | 21,22 | 2005-06 | 2.93 | കുണ്ടം കുഴി മിനിസ്റ്റേഡിയം , പടുപ്പ് ശങ്കരമ്പാടി റോഡ് - അധികം തുക നല്കിയത് | ഖണ്ഡികയിലെ പരാമർശിത നഷ്ടം 1,13,845/- രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് ഈ ഓഫീസിൽ നിന്നും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട് . ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഈ ഓഫീസ് കത്ത് നം കെ.എസ്.എ.കെ.എസ്.ഡി 9/301/2022 തി.13.04.2022 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. (LFAC 2016-19- 54 മത് റിപ്പോർട്ട് ഖ.6&7) |
| വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും- അവലോകനം 2013-14 | (പേജ്. 145,147) | 2013-14 | 5.3.5.1& 5.3.5.2 | വ്യവസായ മേഖല ചെലവ് തുച്ഛം | മറുപടി ലഭ്യമാക്കിയിട്ടില്ല പരാമർശം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| -ടി- | (പേജ്.174) | 2013-14 | 5.3.5.16 | സബ്സിഡി മാർഗ്ഗരേഖ ലംഘനം | മറുപടി ലഭ്യമാക്കിയിട്ടില്ല പരാമർശം തുടരുന്നു |
| 2014-15 | 2-2,2.3 | 2016-17 | അധ്യായം.2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)**ചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല.

**(ബി)** സർചാർജ് നടപടി വഴി ഈടാക്കിയ തുക – 7491/-

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക ,(തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2017-18 | 3.1(2) | തുളസീധരൻ.എൻ.ടി (AE) | KSA.23900/ Spl.Cell/ CSC/ C2/2019 (1) Dt.04.12.2019 | *7491/-* | 7491/- 1210105714/08.03.2022, 1210105717/08.03.2022 | | | | | *000000/-* | *തുക ഒടുക്കിയിട്ടില്ല* |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹11,90,65,529/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,62,55,754/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹14,109 /- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹44,13,355/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7,975 | തുളസീധരൻ.എൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | | 6,134 | തുളസീധരൻ.എൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 14109 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖ.നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 234199/- | ഡോ.ലേഖ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-14 | 4,65,000/- | ഡോ.അശ്വിൻ.കെ, വെറ്റിനറി സർജൻ (225000/-)<br>ഡോ.അഖിൽ ശ്യാം.ബി, വെറ്റിനറി സർജൻ (240000/-) |
| 1-16 | 23,14,156/- | ഭരതൻ നായർ.എ, സെക്രട്ടറി |
| 1-18 | 14,00,000/- | ലിലിൻ എ പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 44,13,355 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| തുളസീധരൻ.എൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ബേഡഡുക്ക ഗ്രാമപഞ്ചായത്ത് | നെരപ്പനടി, കളനാട് പി.ഒ, കാസറഗോഡ് ജില്ല |

**4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1997-98(Final) | KSA/KSD 7/467/2021(5) തീയതി 11-08-2022 | 2 |

| | | |
|---|---|---|
| 1998-99 (Expr) | KSA/KSD 7/467/2021(6) തീയതി 11-08-2022 | 2 |
| 1998-99 (Final) | KSA/KSD 7/467/2021(7) തീയതി 11-08-2022 | 1 |
| 1999-00 (Expr) | KSA/KSD 7/467/2021(8) തീയതി 11-08-2022 | 3 |
| 2002-03 | KSA/KSD7/467/2021(13) തീയതി 11-08-2022 | 1 |
| 2004-05 | KSA/KSD 7/467/2021(15) തീയതി 11-08-2022 | 4 |
| 2005-06 | KSA/KSD 7/467/2021(16) തീയതി 11-08-2022 | 3 |
| 2006-07 | KSA/KSD 7/175/2022 തീയതി 11-08-2022 | 2 |
| 2007-08 | KSA/KSD7/234/2022 തീയതി 11-08-2022 | 3 |
| 2008-09 | KSA/KSD 7/811/2022 തീയതി 30-09-2022 | 2 |
| 2009-10 | KSA/KSD 7/248/2022 തീയതി 11-08-2022 | 2 |
| 2010-11 | KSA/KSD 7/247/2022 തീയതി 11-08-2022 | 1 |
| 2011-12, 2012-13 | KSA/KSD7/329/2022 തീയതി 11-08-2022 | 13 |
| 2013-14 | KSA/KSD 7/880/2022 തീയതി 29-09-2022 | 1 |
| 2014-15 | KSA/KSD 7/73/2022(1) തീയതി 11-08-2022 | 4 |
| 2015-16 | KSA/KSD 7/879/2022 തീയതി 29-09-2022 | 1 |
| 2016-17 | KSA/KSD 7/554/2022 തീയതി 11-08-2022 | 4 |
| 2017-18 | KSA/KSD7/467/2021 തീയതി 11-08-2022 | 2 |
| 2018-19 | KSA/KSD7/73/2022 തീയതി 11-08-2022 | 10 |
| 2019-20 | KSA/KSD7/488/2022 തീയതി 11-08-2022 | 14 |
| 2020-21 | KSA/KSD7/591/2022,തീയതി 29-07-2022 | 20 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Bedadka Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4888253.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 73273.00 |
| 140000000 | Fee & User Charges | I-4 | 670691.00 |
| 150000000 | Sale & Hire Charges | I-5 | 357699.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 232190072.00 |
| 170000000 | Income from Investments | I-7 | 246871.00 |
| 171000000 | Interest Earned | I-8 | 352975.00 |
| 180000000 | Other Income | I-9 | 33334.00 |
| 190000000 | Prior Period Income | I-19 | 967538.00 |
| | **Total Income** | | **238813168.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 14845442.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11 | 736287.00 |
| 230000000 | Operations & Maintenance | I-12 | 2036372.00 |
| 240000000 | Interest & Finance Charges | I-13 | 901.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7321550.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 62052957.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11296922.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 66898786.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 64111560.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 834898.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 31000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 68812.00 |
| | **Total Expenditure** | | **230235487.00** |
| | **Gross Surplus / Deficit of income over Expenditure** | | **-8577681.00** |
| | **Gross Surplus / Deficit of income over Expenditure** | | **-9386085.00** |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 159134.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **808404.00** |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം 4

## റസീപ്റ്റ് & പേമെന്റ്

| Bedadka Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 14467742.50 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1206650.00 |
| 130000000 | Rental income from Panchayat Properties | RP-3 | 500.00 |
| 140000000 | Fees & User Charges | RP-4 | 553171.00 |
| 150000000 | Sale & Hire Charges | RP-5 | 357699.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 68097398.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 352975.00 |
| 190000000 | Prior Period Income | RP-11 | 84430.00 |
| 210000000 | Establishment Expenses | RP-12 | 225.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 18515.00 |
| 311000000 | Earmarked Funds | RP-28 | 104125.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 39527112.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7801617.00 |
| 460000000 | Loans, Advances and Deposits | RP-49 | 3000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 18910.00 |
| 330000000 | Secured Loans | RP-31 | 250000.00 |
| 340000000 | Deposits Received | RP-33 | 2059.00 |
| 350000000 | Other Liabilities | RP-35 | 687143.00 |
| | **Grand total** | | **133533271.50** |
| | **PAYMENTS** | | |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 7940.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 8449149.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-17 | 22874812.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 10865768.00 |
| 412000000 | Capital Work In Progress | RP-39 | 0.0 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 6943552.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 3849851.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4152701.00 |
| 460000000 | Loans, Advances and Deposits | RP-49 | 199660.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 135238.00 |
| 350000000 | Other Liabilities | RP-35 | 58601822.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 175261.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 17277517.50 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **133533271.50** |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം 5

## ബാലൻസ് ഷീറ്റ്

| Bedadka Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 35323104.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 17914.00 |
| 312000000 | Reserves | B-3 | 74936102.00 |
| | **Total Reserve & Surplus** | | **110277120.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14958217.50 |
| | **Total Grants, Contributions for Specific Purposes** | | **14958217.50** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 19317077.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **19317077.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 245300.00 |

| | | | |
|---|---|---|---|
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1872620.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2117920.00** |
| | **TOTAL LIABILITIES** | | **146670334.50** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2393738.00 |
| 412000000 | Capital Work in Progress | B-11(b) | 1582432.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 989781.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 23017229.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 139526649.00 |
| 416000000 | Accumulated Depreciation | B-11(a) | -69024037.00 |
| | **Total Fixed Assets** | | **98485792.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 3651983.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **3651983.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4023172.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 19317077.00 |
| 450000000 | Cash and Bank Balance | B-17 | 17277517.50 |
| 460000000 | Loans, Advances and Deposits | B-18 | 3914793.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **44532559.50** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **146670334.50** |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്